Dated : 16/ 04/ 2021

## “പോലീസ് നടപടി കർശനമാക്കുന്നു - 121 പ്രത്യേക ടീമുകൾ കോവിഡ് നിയന്ത്രണത്തിന് സജ്ജമാക്കി കൊല്ലം സിറ്റി പോലീസ് രംഗത്ത്”

കൊല്ലം : കോവിഡിന്റെ രണ്ടാം വരവിൽ നിന്നും കൊല്ലം സിറ്റിയെ പ്രതിരോധിക്കാനുള്ള ശക്തമായ നടപടികളുമായി സിറ്റി പോലീസ്. കോവിഡ് പ്രതിരോധ നടപടികൾ ശക്ത മാക്കുന്നതിന്റെ ഭാഗമായി സിറ്റി പോലീസിലെ 8 അസിസ്റ്റന്റ് കമ്മീഷണർമാരുടെയും 21 ഇൻസ്പെക്ടറൻമാരുടെയും നേതൃത്വത്തിൽ ജില്ലയിലെ പോലീസ് സേനയുടെ പകുതി സേനാംഗങ്ങളെ ഉൾപ്പെടുത്തി കോവിഡ് പ്രതിരോധ സേന രൂപികരിച്ചുതായി സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി. ഐ.പി.എസ്സ് അറിയിച്ചു. കൊല്ലം സിറ്റി മേഖലയിൽ മാത്രമായി ഒരു സബ്ബ് ഇൻസ്പെക്ടറും, മൂന്ന് പോലീസുദ്ദ്യോഗസ്ഥരും ഉൾപ്പെട്ട 121 ടീമുകൾ രൂപീകരിച്ച് പോലീസ് നിരത്തുകളും ആൾക്കൂട്ടങ്ങൾ രൂപം കൊള ളാൻ സാധ്യതയുള്ള സ്ഥലങ്ങളും കേന്ദ്രീകരിച്ചുള്ള പരിശോധന ശക്തമാക്കി. കോവിഡ് പ്രോട്ടോക്കോൾ പാലിക്കാത്തതിന് നിരവധി പേർ പോലീസ് നടപടി നേരിടേണ്ടി വന്നു. കോവീഡ് മാനദണ്ഡങ്ങൾ പാലിക്കാത്ത 16758 പേർക്ക് ശക്തമായ താക്കീത് നൽകു കയും കൃത്യമായ മാസ്ക് ധരിക്കാതെയും ചട്ടങ്ങൾ ലംഘിക്കുകയും ചെയ്ത 5763 പേർക്കെതിരെ പെറ്റി കേസ് എടുക്കുകയും 1,42,500.00 രൂപാ പിഴയായി ഈടാക്കുകയും ചെയ്തു. ഗതാഗത സംവിധാനങ്ങൾക്കും സുരക്ഷയ്ക്കുമായി ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിരീക്ഷത്തിനായി സ്ഥാപിച്ചിരിക്കുന്ന ക്യാമറകളുടെ സേവനവും കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നതിന് വേണ്ടി ഉപയോഗിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി. ഐപിഎസ്സ് അറിയിച്ചു.